**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1368** **10-10-2024 - ൽ മറുപടിയ്ക്ക്**

**പ്രോജക്ട് എക്സ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി കെ പ്രശാന്ത്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സ്കൂൾ വിദ്യാർത്ഥികൾക്ക് സമഗ്ര ലൈംഗിക വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനായി നടപ്പാക്കുന്ന പ്രോജക്ട് എക്സ് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (എ) | തിരുവനന്തപുരം ജില്ലാ ഭരണ കൂടവും പൊതു വിദ്യാഭ്യാസ വകുപ്പും കനൽ എന്ന എൻ.ജി.ഒ യും സംയുക്തമായി നടപ്പാക്കുന്ന സമഗ്ര ലൈംഗിക വിദ്യാഭ്യാസ പദ്ധതിയാണ് പ്രോജക് എക്സ്. പ്രോജക്ടിന്റെ ആദ്യഘട്ടത്തിൽ ജില്ലയി 50 വിദ്യാലയങ്ങളിൽ നിന്നായി 5500 -ൽ അധികം വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി. രണ്ടാം ഘട്ടത്തിൽ 100 വിദ്യാലയങ്ങളിൽ 200 അധ്യാപകർക്ക് പദ്ധതിയുമായി ബന്ധപ്പെട്ട് പരിശീലനം നടത്താനാണ് പദ്ധതിയുണ്ടായിരുന്നത്. ഇതിൽ 80 അധ്യാപകർ 2 വർക്ക് ഷോപ്പുകൾ പൂർത്തിയാക്കിയിട്ടുണ്ട്. മൂന്നാം ഘട്ടത്തിൽ 150 വിദ്യാലയങ്ങളിൽ നിന്നും 100 വിദ്യാർത്ഥികൾ വീതം 15000 വിദ്യാർത്ഥികൾക്ക് സമഗ്ര ലൈംഗിക വിദ്യാഭ്യാസ പദ്ധതി പ്രകാരം ക്ലാസ്സുകൾ നടത്താനാണ് ലക്ഷ്യം വയ്ക്കുന്നത്. |
| (ബി) | ആരോഗ്യ വകുപ്പിന്റെയും, ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെയും സേവനം കൂടി പ്രസ്തുത പദ്ധതിയിൽ പ്രയോജനപ്പെടുത്തുന്നത് പരിഗണനയിൽ ഉണ്ടോയെന്ന് അറിയിക്കാമോ? | (ബി) | ജില്ലാ ഭരണ കൂടവും പൊതു വിദ്യാഭ്യാസ വകുപ്പും ഇക്കാര്യത്തിൽ പഠനം നടത്തി സമഗ്രത വരുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ